12804
8/7/18

# കേരള സർക്കാർ

സംഗ്രഹം

മെസ. ഷെറീസ് ഇലക്ട്രിക്കൽ വർക്ക്സ് & സാമിൽ എന്ന സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദ് ചെയ്തതിനെതിരെ സ്ഥാപന ഉടമ ശ്രീ.കെ.എസ്. ഷാജിമോനുവേണ്ടി മുക്ത്യാർ ശ്രീ.എം. ഷംസുദ്ദീൻ സമർപ്പിച്ച റിവിഷൻ ഹർജ്ജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## വനം വന്യജീവി(ബി) വകുപ്പ്

സ.ഉ.(സാധാ) നം.300/2018/വനം                    തീയതി,തിരുവനന്തപുരം, 25/06/2018

---

പരാമർശം :- 1. മെസ. ഷെറീസ് ഇലക്ട്രിക്കൽ വർക്ക്സ് & സാമിൽ എന്ന സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദ് ചെയ്തതിനെതിരെ സ്ഥാപന ഉടമ ശ്രീ.കെ.എസ്.ഷാജി മോനുവേണ്ടി മുക്ത്യാർ ശ്രീ.എം. ഷംസുദ്ദീൻ 29/11/2016-ൽ സമർപ്പിച്ച റിവിഷൻ ഹർജ്ജി.

2. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)-ന്റെ 22/8/2017-ലെ എഫ്.സി4-64528/2016 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

ശ്രീ.കെ.എസ്. ഷാജിമോൻ, കുഞ്ഞൻ പറമ്പിൽ, തൊടുപുഴ എന്നയാളുടെ ഉടമസ്ഥതയിലുള്ള ഷെറീസ് ഇലക്ട്രിക്കൽ വർക്ക്സ് ആന്റ് സാമിൽ എന്ന സ്ഥാപനത്തിന് 26.11.2014 തീയതിയിലെ WB1/KGLM/1/101/14-15 നമ്പർ പ്രകാരം കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ലൈസൻസ് നൽകി 19.04.2012 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 51/12/വനം നമ്പർ പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി ലൈസൻസോടെ പ്രവർത്തിച്ച് വന്നിരുന്ന സ്ഥാപനമാണെന്നും, എന്നാൽ ടി ഉത്തരവിലെ നിബന്ധനകൾക്ക് വിരുദ്ധമായി ടി സ്ഥാപനം കാളിയാർ റെയിഞ്ചിലെ ഒ.ആർ 03/15 -ൽ പ്പെട്ട തേക്ക് തടികൾ നിയമ വിരുദ്ധമായി അറുത്ത് കൊടുത്തതായി ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് ടി സ്ഥാപനത്തിന്റെ ലൈസൻസ് 19.02.2016- ലെ WB1-5041/2014 ാം നമ്പർ ഉത്തരവ് പ്രകാരം കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റദ്ദ് ചെയ്തിരുന്നു.

2) കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 19.02.2016 ലെ WB1-5041/2014 ാം നമ്പർ ഉത്തരവിനെതിരെ ശ്രീ.കെ.എസ്.ഷാജിമോൻ, അപ്പലേറ്റ് അതോറിറ്റികൂടിയായ കോട്ടയം, ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ മുമ്പാകെ അപ്പീൽ സമർപ്പിച്ചിരുന്നു. ടി അപ്പീലിന്മേൽ വാദം കേട്ട അപ്പലേറ്റ് അധികാരി, കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കണ്ടെത്തൽ ശരിയാണെന്ന്

ബോധ്യപ്പെട്ട് കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അപ്പീൽ അപേക്ഷ നിരസിച്ചുകൊണ്ട് 16/07/2016-ലെ സി2/1786/2016 നമ്പറായി ഉത്തരവായിട്ടുണ്ട്

3) അപ്പീൽ വാദിയായ ശ്രീ.കെ.എസ്.ഷാജിമോൻ 19.04.2012- ലെ സർക്കാർ ഉത്തരവ് (പി) നം. 51/2012/വനം നമ്പർ ഉത്തരവ് അനുസരിച്ച് നൽകിയ ലൈസൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി വനം കുറ്റകൃത്യത്തിൽ ഉൾപ്പെട്ടുകയും നിയമവിരുദ്ധമായി വനത്തിൽ നിന്നുള്ള തടി അറുത്ത് കൊടുക്കുകയും ചെയ്തതിനാൽ ടിയാന്റെ ഉടമസ്ഥതയിലുള്ള ഷെറീസ് ഇലക്ട്രിക്കൽ വർക്സ് ആന്റ് സോമിൽ എന്ന സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദ് ചെയ്ത കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നടപടിയും ശ്രീ.കെ.എസ്.ഷാജിമോൻ സമർപ്പിച്ച അപ്പീൽ നിരസിച്ച ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഹൈറേഞ്ച് സർക്കിൾ) ന്റെ നടപടി ക്രമപ്രകാരമാണെന്നും ആയതിനാൽ ടിയാന്റെ റിവിഷൻ അപേക്ഷ നിരസിക്കാവുന്നതാണെന്നും പരാമർശം 2) പ്രകാരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) എന്നാൽ ശ്രീ.ഷാജിമോൻ ടിയാളോടുള്ള വ്യക്തിവൈരാഗ്യത്തിന്റെ പേരിൽ കേസിൽ പ്രതി ചേർക്കുകയായിരുന്നെന്നും, ടിയാനെ നേരിൽ കേൾക്കണമെന്നും ആവശ്യപ്പെട്ടുകയും 14/11/2017 ൽ ടിയാനെ നേരിൽ കേൾക്കുകയുമുണ്ടായി. ശ്രീ.ഷംസുദ്ദീന് വേണ്ടി ഹാജരായ പ്രതിനിധി താഴെപ്പറയുന്ന കാര്യങ്ങൾ ബോധിപ്പിക്കുകയുണ്ടായി.

i) കേരള ഫോറസ്റ്റ് (റഗുലേഷൻ ഓഫ് സോമിൽസ് ആന്റ് വുഡ് ബേസ്ഡ് ഇൻഡസ്ട്രീസ്) ചട്ടങ്ങൾ 2012 സെക്ഷൻ 17 പ്രകാരമാണ് ലൈസൻസ് സസ്പെന്റ് ചെയ്യേണ്ടത്. എന്നാൽ ചട്ടം 17(1) പ്രകാരം കക്ഷിയുടെ ലൈസൻസ് സസ്പെന്റ് ചെയ്ത് ഉത്തരവ് ഉണ്ടായിട്ടില്ലാത്തതുമാകുന്നു. ചട്ടം 17(4) ൽ പ്രകാരം സസ്പെന്റ് ചെയ്തതിനു ശേഷം ലൈസൻസി ബന്ധപ്പെട്ട അധികാരികൾക്ക് കൊടുക്കുന്ന വിശദീകരണം തൃപ്തികരം അല്ല എങ്കിൽ മാത്രമേ ലൈസൻസ് റദ്ദാക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ ഈ കേസിൽ ഫോറസ്റ്റ് ലൈസൻസ് സസ്പെന്റ് ചെയ്തിട്ടില്ല. ആയതിനാൽ തന്നെ കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 19.02.2016-ലെ WB1-5041/2014 -ാം നമ്പർ ഉത്തരവ് പ്രകാരം ലൈസൻസ് റദ്ദാക്കിയിട്ടുള്ള നടപടി നിയമ പ്രകാരം നിലനിൽക്കുന്നതല്ല.

ii) സെക്ഷൻ 18 പ്രകാരമാണ് ഫോറസ്റ്റ് ലൈസൻസ് റദ്ദ് ചെയ്യേണ്ടത്. സെക്ഷൻ 18(1),(2),(3),(4) എന്നിവയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളൊന്നും തന്നെ കക്ഷിക്ക് എതിരായി പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നോ, പഞ്ചായത്തിൽ നിന്നോ, ഇലക്ട്രിസിറ്റി ബോർഡിൽ നിന്നോ, ടാക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നോ യാതൊരു വിധ റിപ്പോർട്ടും ഇല്ലാത്തതും ആകുന്നു.

iii) സെക്ഷൻ 18(4) പ്രകാരം കേരള വനനിയമ പ്രകാരമോ വൈൽഡ് ലൈഫ് ആക്ട് പ്രകാരമോ ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്ട് പ്രകാരമോ കക്ഷിയെ നാളിതുവരെ ഒരു കോടതിയും കുറ്റക്കാരനാണെന്ന് കണ്ടെത്തി ശിക്ഷിച്ചിട്ടില്ലാത്തതുമാകുന്നു. ആയതിനാൽ കക്ഷിയുടെ ഫോറസ്റ്റ്

ലൈസൻസ് റദ്ദാക്കിയ നടപടി നിയമപരമായി നിലനിൽക്കുന്ന തല്ലാത്തതുമാകുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. Kerala Forest (Regulation of Saw Mills and other Wood based Industrial Units) Rules 2012 ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 16/07/2016- ലെ സി2/1786/2016 നമ്പർ ഉത്തരവിൽ മെസേഴ്സ് ഷെറീസ് ഇലക്ട്രിക്കൽ വർക്സ് ആന്റ് സോമില്ലിന്റെ ലൈസൻസ് റദ്ദ് ചെയ്യുവാൻ ഓതറൈസ്ഡ് ഓഫീസറെ Rule 17(1) പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ളതാണ് എന്ന വാദം നിയമപരമായി നിലനിൽക്കുന്നതല്ല എന്ന് കാണുന്നു. ആയതിനാൽ ഷെറീസ് സാമില്ലിനെതിരെ പുറപ്പെടുവിച്ച ഉത്തരവ് റദ്ദ്ചെയ്ത് വിഷയം മേൽ ചട്ടങ്ങൾ പ്രകാരം പുനഃപരിശോധിച്ച് തുടർ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുവാൻ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)-ന് നിർദ്ദേശം നൽകി മെസ. ഷെറീസ് ഇലക്ട്രിക്കൽ വർക്സ് & സാമിൽ എന്ന സ്ഥാപനത്തിന്റെ ഉടമ ശ്രീ.കെ.എസ്. ഷാജിമോനുവേണ്ടി മുക്ത്യാർ ശ്രീ.എം. ഷംസുദ്ദീൻ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വേണു.വി
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം
ശ്രീ.കെ.എസ്.ഷാജിമോൻ, കുഞ്ഞൻപറമ്പിൽ ഹൗസ്, വെങ്ങല്ലൂർ.പി.ഒ, തൊടുപുഴ
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
VBeena
സെക്ഷൻ ഓഫീസർ